തണ്ണീർത്തട സംരക്ഷണ പ്രവർത്തിയും നടപ്പിലാക്കിവരുന്നു. ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തിനും ജലസുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ജലസംരക്ഷണവും പരിപാലനവും നടപ്പാക്കുന്നതിന് ഭൂജല പരിപോഷണ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. കളം സംരക്ഷണം, ചെറുകിട തടയണകൾ, ജലനിധി കിണറുകളിൽ point recharge, roof water harvesting, Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ് പാൽ നിർമ്മാണം) Sub-surface dyke എന്നീ രീതികളിലൂടെ ശ്രദ്ധീകരിച്ച് ജലനിധിയുടെ കടിവെള്ള സ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു.

(ബി) കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാലുടൻ റവന്യൂ അധികൃതരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വിവരം അറിയിക്കാറുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി റവന്യൂ അധികൃതരാണ് സ്വീകരിക്കുന്നത്. കായലുകൾ ഉൾപ്പെടുന്ന തണ്ണീർത്തടങ്ങളുമായി ബന്ധപ്പെടുത്തി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിനെയാണ് നിലവിൽ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.

(സി) 'പുഴ മുതൽ പുഴ വരെ' എന്ന പദ്ധതി നടപ്പിലാക്കുന്നത് റവന്യൂ വകുപ്പിൻകീഴിലെ സംസ്ഥാന ലാന്റ് റവന്യൂ കമ്മിഷണറുടെ നേതൃത്വത്തിലാണ്. ഭാരതപ്പുഴയിൽ കുറ്റിപ്പുറം മുതൽ തിരുനാവായ വരെയുള്ള (3 കി.മീ.) സ്ഥലത്തും പത്തനംതിട്ട ജില്ലയിൽ തുപ്പാറ ക്ഷേത്രത്തിനടുത്ത് താന്നിയിലും (9 ഏക്കർ) അച്ചൻകോവിലാറിന്റെ ഇരുകരകൾ എന്നിവിടങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് തിരുമാനിച്ചിരിക്കുന്നത്. മണിമല-മീനച്ചിൽ-മൂവാറ്റുപുഴ സംരക്ഷണ പദ്ധതി സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) 2008 ആഗസ്റ്റിനുമുമ്പ് അനധികൃതമായി നടത്തിയ തണ്ണീർത്തട നികത്തലുകൾ തണ്ണീർത്തടങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയും അവയുടെ ജലസംഭരണ ശേഷിയും നശിപ്പിക്കുന്നതിന് ഇടയാക്കും. ഇത് ഉപരിതല-ഭൂഗർഭ ജലസ്രോതസ്സുകളെ ഇല്ലാതാക്കുകയും അതുവഴി ജലലഭ്യത കുറയ്ക്കുകയും ചെയ്യും. ഇതിന്റെ ഫലമായി സമീപ പ്രദേശങ്ങളിലെ കളങ്ങൾ, കിണറുകൾ എന്നിവയിലെ ജലലഭ്യത കുറയുന്നതുകൂടാതെ നദികളിലെ നീരൊഴുക്കിലും കുറവ് സംഭവിക്കാനിടയാക്കും.

ജലസേചന സംരക്ഷണ പ്രവൃത്തികൾ

173(874) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച ജലസേചന-സംരക്ഷണ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതൊക്കെയാണ്;

(സി) മുടങ്ങിക്കിടക്കുന്നതും നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പദ്ധതികളുടെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ മേജർ ഇറിഗേഷന്റെ കീഴിൽ ചെയ്ത പ്രവൃത്തികൾ:

1. 2011-12 കളക്കട പഞ്ചായത്തിൽ ഏനാത്ത് പാലത്തിന് താഴ്ഭാഗത്ത് കല്ലട നദിയുടെ ഇടതുകര സംരക്ഷണം (Agt.No.7/SE/ISC/2011-12 dated 2-6-2011 ₹ 84,12,367/-)

2. 2014-15 ആർ.എം.എഫ്. കളക്കട പഞ്ചായത്തിൽ വടശ്ശേരി മഠത്തിനടുത്ത് കല്ലട നദിയുടെ ഇടതുകര സംരക്ഷണം

(Agt.No.45/SE/ISC/2014-15 dated 18-9-2014 ₹ 28,96,203)

3. ആർ.എം.എഫ്. കളക്കട പഞ്ചായത്തിൽ ഏനാത്ത് പാലത്തിന് താഴ്ഭാഗത്ത് ഇടിഞ്ഞക്കടവിലേയ്ക്ക് കല്ലട നദിയുടെ ഇടതുകര സംരക്ഷണം (എഗ്രിമെന്റിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.)

മൈനർ ഇറിഗേഷന്റെ കീഴിൽ ചെയ്ത പ്രവൃത്തികൾ അനുബന്ധം I ആയി ചേർക്കുന്നു.

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന മേജർ ഇറിഗേഷൻ പ്രവൃത്തികളിൽ ക്രമനമ്പർ 1-ഉം 2-ഉം പദ്ധതികൾ പൂർത്തീകരിച്ചു. മൈനർ ഇറിഗേഷൻ പ്രവൃത്തികളിൽ പൂർത്തീകരിച്ചവ അനുബന്ധംII ആയി ചേർത്തിരിക്കുന്നു.*

(സി) മുടങ്ങിയ പദ്ധതികൾ ഇല്ല. മുകളിൽ പറഞ്ഞിരിക്കുന്ന മേജർ ഇറിഗേഷൻ പ്രവൃത്തികളിൽ ക്രമനമ്പർ 3 ആയ പ്രവൃത്തിയുടെ എഗ്രിമെന്റിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. മൈനർ ഇറിഗേഷൻ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

1. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ കളക്കട പഞ്ചായത്തിൽ വെണ്ടാർച്ചിറ, കൊട്ടാരക്കര പഞ്ചായത്തിൽ വേപ്പംകോണം ചിറ എന്നീ പ്രവൃത്തികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുള്ളതുകൊണ്ട് തുടങ്ങാൻ സാധിച്ചില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. മേലില പഞ്ചായത്തിലെ ഇരങ്ങൂർ വാർഡിൽ ആലംകോട് ഏലാ തോടിന്റെ സംരക്ഷണ പണികൾ - 16-8-2013-ൽ പണിസ്ഥലം കരാറുകാരൻ ഏറ്റെടുത്തു. 15-12-2013-ൽ പൂർത്തീകരണ കാലാവധി അവസാനിച്ചു. നിരവധി തവണ അറിയിച്ചിട്ടും കരാറുകാരന്റെ ഭാഗത്തുനിന്നും യാതൊരു മറുപടിയും ഉണ്ടായില്ല. ആയതിനാൽ മേൽ പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദുചെയ്യുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

3. പി.എം.-ഉമ്മന്നൂർ പഞ്ചായത്തിൽ കമ്പംകോട് ചൂള ഭാഗത്ത് കളഞ്ഞിയിൽ ഏലാ തോടിനുകുറുകെ തടയണയുടെ നിർമ്മാണം എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

കടൽഭിത്തി നിർമ്മാണം

174(875) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ എവിടെയെല്ലാം കടൽഭിത്തി നിർമ്മിച്ചുവെന്നും എന്ത് ഇനമായാണ് വകയിരുത്തിയതെന്നും വിശദമാക്കാമോ?

ഉത്തരം

ഉത്തരം അനുബന്ധം ആയി ചേർക്കുന്നു.*

ഭൂജലപരിപോഷണം ജനകീയമാക്കൽ

175(876) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂജല പരിപോഷണം ജനകീയമാക്കുന്നതിനുള്ള കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly